കേരള നിയമസഭാ നടപടികൾ
പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 11, വെള്ളി

വാല്യം : 156] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ : 23

നിയമസഭ 2014 ജൂലൈ മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

1 ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ * 661

റീസർവ്വെയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം

1 (*661) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വെയുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) താലൂക്ക് തലങ്ങളിൽ അദാലത്തുകൾ നടത്തിയും വില്ലേജ് തലങ്ങളിൽ പ്രത്യേക ഹിയറിംഗ് നടത്തിയും ഇത്തരം പരാതികൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ജനസമ്പർക്ക പരിപാടി രാത്രികയിൽ റവന്യൂ വകുപ്പിലെ പരാതികൾ പരിഹരിക്കുവാൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും പ്രത്യേക ജനസമ്പർക്ക പരിപാടി നടത്തുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ റീ-സർവ്വേ നടക്കുന്ന സമയത്താണെങ്കിൽ അതാത് സർവ്വേ ഓഫീസുകൾ മുഖാന്തിരം പരിഹരിക്കുന്നതാണ്. റീ-സർവ്വേക്കുശേഷവും ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പും ഉള്ള പരാതികൾ അപ്പീലായി പരിഗണിച്ച് റീ സർവ്വേ സൂപ്രണ്ട് മുഖാന്തിരം പരിഹരിച്ചുവരുന്നു. റവന്യൂ ഭരണത്തിന് കൈമാറിയതിനു ശേഷമുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർ മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നു.

(ബി) താലൂക്ക് തലങ്ങളിൽ അദാലത്തുകൾ നടത്തുന്നതിന്റെ ആദ്യപടിയെന്നോണം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പട്ടം വില്ലേജിലും എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലും റീ-സർവ്വെ പരാതികൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലാ കളക്ടർമാരെ 27-5-2014-ന് റവന്യൂമന്ത്രി നടത്തിയ യോഗത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ജില്ലാതല അദാലത്തുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, 1965-ലാണ് റീ സർവ്വേ ആരംഭിച്ചത്. ഇപ്പോൾ ഏതാണ്ട് 45 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് 1635 വില്ലേജുകളാണ് ഉള്ളത്. 816 വില്ലേജുകളിലാണ് ഇതിനകം റീ സർവ്വേ പൂർത്തീകരിച്ചിട്ടുള്ളത്. ഇനി 819 വില്ലേജുകളിൽ കൂടി റീ സർവ്വേ പൂർത്തീകരിക്കുവാനുണ്ട്. 49 വർഷം പിന്നിട്ടിട്ടും ഇനിയും പകുതിയിൽ കൂടുതൽ വില്ലേജുകളിൽ റീ സർവ്വേ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. കുറെനാളുകളായി ഇലക്ട്രോണിക് ഉപകരണങ്ങളും മറ്റും ഉപയോഗിക്കുന്നുണ്ടെങ്കിൽപ്പോലും വേണ്ടത്ര വേഗതയിൽ ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകാൻ കഴിയുന്നില്ല. അതുകൊണ്ട് ഇതിനായി കൂടുതൽ അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും, അവ ഉപയോഗിക്കുന്നതിന് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം കൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം ഔട്ട്സോഴ്സ് ഏജൻസിയെ ഉപയോഗിച്ചുകൊണ്ട് റീ സർവ്വേ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കുമോ?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ചോദിച്ചത്. 1965-ലാണ് റീ സർവ്വേ നടപടികൾ ആരംഭിക്കാനുള്ള തീരുമാനം എടുത്തത്. കേരളത്തിലെ 1635 വില്ലേജുകളിൽ പകുതി വില്ലേജുകളിൽ മാത്രമാണ് നാളിതുവരെയായി ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അത് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെങ്കിൽ ആധുനികമായ എല്ലാ സൗകര്യങ്ങളും നമ്മൾ വിനിയോഗിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ട തയ്യാറെടുപ്പുകൾ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിട്ടുണ്ടെങ്കിൽപോലും ഇത് പൂർത്തീകരിക്കാൻ വളരെയധികം കാലതാമസം ഉണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്. അതിനെക്കുറിച്ച് ഒരു റിപ്പോർട്ട് കഴിഞ്ഞ 17-ാം തീയതി ഞാൻ ഈ സഭയിൽ വയ്ക്കുക

LIBRARY ARCHIVES, Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ആ റിപ്പോർട്ടിൽ അക്കാര്യങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇനിയും വളരെയധികം കാലതാമസമുണ്ടാകാനുള്ള സാദ്ധ്യതകളുണ്ട്. കേരളത്തിലെ റീ സർവ്വേ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അപ്പുറവും ഇപ്പുറവുമിരിക്കുന്ന എല്ലാവരും ചേർന്ന് ഒരു പൊതു ധാരണയുണ്ടാക്കുവാൻ കഴിഞ്ഞാൽ തീർച്ചയായും ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചതുപോലെ ഇത് ഔട്ട് സോഴ്സ് ചെയ്തുകൊണ്ട് റീ സർവ്വേ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിയും എന്നത് യാഥാർത്ഥ്യമാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, സംസ്ഥാനത്ത് ഒരിഞ്ച് ഭൂമിക്കു പോലും വലിയ വിലയുള്ള കാലഘട്ടമാണ്. റീ സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നത് നമ്മുടെ വസ്തുവിന്റെ യഥാർത്ഥ അളവ് അറിയുന്നതിനാണ്. ഇത്രയും വർഷമെടുത്ത് നടത്തിയിട്ടുള്ള ഈ റീ സർവ്വേ പ്രവർത്തനത്തിലും വലിയ പരാതികൾവന്നുതുടങ്ങിയിരിക്കുകയാണ്. ലാന്റ് റിക്കാർഡ്സ്, റവന്യൂ റിക്കാർഡ്സ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടക്കുന്നത്. അങ്ങനെ മാറ്റുമ്പോൾ ഇതിന്മേലുള്ള അപ്പീൽ അതോറിറ്റി എന്നുപറയുന്നത് അഡീഷണൽ തഹസീൽദാരാണ്. ആ ഒരു സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വരുന്ന പരാതികൾ യഥാസമയം പരിഹരിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ, എത്രയും വേഗം ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, പരാതികൾ വരുമ്പോൾ അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത് മണ്ട് തട്ടുകളിലായാണ്. റീ സർവ്വേ നടക്കുന്ന അവസരത്തിൽത്തന്നെ ഹെഡ് സർവ്വേയറുടെ നേതൃത്വത്തിൽ പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അടുത്തതലം എന്നുപറയുന്നത് എൽ.ആർ.എം., ഒരു ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിലും പരാതി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം തോമസ് ഉണ്ണിയാടൻ ചോദിച്ചത് ഇത് കുറേക്കൂടി ലഘൂകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നാണ്. തീർച്ചയായും അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 15 ദിവസത്തിനുള്ളിൽ ഇതുസംബന്ധിച്ച ഒരു റിപ്പോർട്ട് തരുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെയും സർവ്വേ ഡയറക്ടറെയും ചുമതലപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകുന്നതാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പരാതികൾ വളരെ വേഗത്തിൽ എങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ചിന്തിക്കുകയും അതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, റീ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്ന സ്ഥലങ്ങളിൽ നിരവധി പരാതികൾ ഉണ്ടായതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ പരാതികൾ സംബന്ധിച്ച് ആളുകൾക്ക് വളരെയധികം ആശങ്കകളുണ്ട്. കാലങ്ങളായി അവരുടെ കൈവശം ഇരുന്ന ഭൂമി, ഇപ്പോൾ സർവ്വേ നടന്ന പ്രദേശങ്ങളിൽ സർവ്വേ

ഉദ്യോഗസ്ഥൻമാർ വന്ന് കല്ല് ഇളക്കി അടുത്ത പറമ്പിൽ ഇടുകയാണ്. അത് തർക്കവും ബഹളവുമാകുമ്പോൾ അവിടെനിന്ന് ഇളക്കി വേറെ എവിടെയെങ്കിലും ഇടുകയാണ്. ഇത്തരത്തിലുള്ള സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഇത് അവസാനിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ഞാൻ ഇടപെട്ട് പരാതികൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായ കാര്യമാണ്. അതേതുടർന്ന് ഇപ്പോഴും ആ പ്രതിസന്ധി നിലനിൽക്കുകയാണ്. ഇതിൽ കണ്ട ഒരു സമീപനം, റീ സർവ്വേ ഉദ്യോഗസ്ഥൻമാരിൽ ഭൂരിപക്ഷം പേരുടെയും നിഷേധാത്മകമായ നിലപാട് ഇതിൽ വലിയൊരു പ്രശ്നമാണ്. ആളുകളുമായി ഏറ്റുമുട്ടലുണ്ടാകുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. സമയ ബന്ധിതമായി ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ മറുപടിയിൽ പറയുകയുണ്ടായി. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നവിധത്തിലുള്ള ഒരു പരിശീലനകേന്ദ്രമോ ഇക്കാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുപോകാൻ പറ്റുന്ന ഒരു സ്റ്റേറ്റ് ലെവൽ പരിശീലനകേന്ദ്രമോ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഇതിന് പരിഹാരമെന്ന നിലയിലേക്കുള്ള നടപടിക്ക് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഇതിന് പരിഹാരമെന്ന നിലയിൽ ഒരു സ്ഥാപനം ഉണ്ടാവണം എന്ന രീതിയിലാണ് അദ്ദേഹം ചോദിച്ചത്. അതുകൊണ്ടുമാത്രം നമുക്കിത് പരിഹരിക്കുവാൻ കഴിയുകയില്ല. ആധുനിക സൗകര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് സർവ്വേ ജോലികൾ നടപ്പിലാക്കാനും ആധുനിക പരിശീലനങ്ങൾ നൽകുവാനും വേണ്ടി ഗവൺമെന്റ് ആലോചന നടത്തുന്നുണ്ട്. ഇതിനായി മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഒരു പുതിയ സ്ഥാപനം തുടങ്ങാൻ 9-7-2014-ൽ കൂടിയ ക്യാബിനറ്റിൽ വച്ച് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ തിരു-കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുവാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആധുനികമായ എല്ലാ സൗകര്യങ്ങളുമൊരുക്കിക്കൊണ്ട്, ഇന്നത്തെ കാലഘട്ടത്തിനനുസൃതമായി സർവ്വേ പ്രവർത്തനങ്ങൾ എങ്ങനെ നടത്തണമെന്ന് പഠിക്കുന്നതിനുവേണ്ടി അവസരമൊരുക്കിയെടുത്തുകൊണ്ടാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ഈ ആഗസ്റ്റ് മാസം തന്നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

<u>ശ്രീ. റ്റി. യു. കുരുവിള</u>: സർ, റീ സർവ്വെ തുടങ്ങിയിട്ട് 49 വർഷമായി എന്നുപറഞ്ഞു. ഇപ്പോൾ റീ സർവ്വെ പൂർത്തീകരിച്ച എണ്ണൂറിലധികം വില്ലേജുകളിലും ഇത് തെറ്റിച്ചാണ് ചെയ്തിരിക്കുന്നത്. ഇതിൽ നിന്ന് മനസ്സിലാക്കുന്നത് റീ സർവ്വെ ജോലിക്ക് ദൂരെ സ്ഥലങ്ങളിലുള്ള ഉദ്യോഗസ്ഥരെയാണ് ഓരോ സ്ഥലത്തും ഇതിനായി നിയോഗിച്ചിരിക്കുന്നതെന്നാണ്. അവർ റീ സർവ്വെക്ക് ഒരു ദിവസം വന്നാൽ പിന്നെ ബാക്കി ദിവസം മുഴുവനും സ്ഥലത്ത് ഉണ്ടാകുകയില്ല. ജനങ്ങളുമായി യാതൊരു ബന്ധമില്ലാതെയും

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ തെറ്റിദ്ധരിക്കുന്ന വിധത്തിലും അവരെ വീണ്ടും അപ്രോച്ച് ചെയ്യുന്നതിനുവേണ്ടിയുള്ള എല്ലാ കെണികളും അതിൽ ഉൾപ്പെടുത്തിക്കൊണ്ടുമാണ് റീ സർവ്വെ പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതാത് ലോക്കൽ വില്ലേജുകളിൽത്തന്നെ ഈ റീ സർവ്വെ ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകുമോ? ഇപ്പോൾ ചെലവാക്കിയതിന്റെ പത്തിലൊന്ന് കാശ് ഉണ്ടായിരുന്നുവെങ്കിൽ ഈ റീ സർവ്വെ നേരത്തെതന്നെ തീരുമായിരുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്, 1965-ൽ ആരംഭിച്ചുവെങ്കിലും പകുതിയോളം വില്ലേജുകളിൽ മാത്രമാണ് റീ സർവ്വെ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉയർന്നുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പല തരത്തിലുള്ള പരാതികളുണ്ട്. ഏതെങ്കിലും ഒരു മേഖലയിൽ റീ സർവ്വെ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഓഫീസ് തുടങ്ങി അതിന്റെ പ്രവർത്തനം പൂർത്തീകരിച്ച് കഴിഞ്ഞ് ആ ഓഫീസ് അവിടെ നിന്നും റീ സർവ്വെ നടത്തേണ്ട അടുത്ത മേഖലയിലേക്ക് മാറ്റണമെന്നതായ തീരുമാനം കൈക്കൊള്ളേണ്ടതായി വരുമ്പോൾ അതിനെതിരെ പ്രക്ഷോഭങ്ങളുമായി ആളുകൾ മുമ്പോട്ട് വരികയാണ്. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നതിന് നേതൃത്വം കൊടുക്കുന്ന ചില ഉദ്യോഗസ്ഥരുമുണ്ട് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതുകാരണം പലപ്പോഴും ഒരു സ്ഥലത്തുനിന്ന് റീ സർവ്വെ പ്രവർത്തനം നടത്തേണ്ട മറ്റൊരു വില്ലേജിലേക്ക് ഇതുമായി ബന്ധപ്പെട്ട് രാവിലെ തിരിച്ചാൽപോലും വൈകുന്നേരങ്ങളിൽ മാത്രമാണ് എത്തിച്ചേരുവാൻ സാധിക്കുന്നത്. ഒരു പൊതു അഭിപ്രായം രൂപീകരിച്ചുകൊണ്ട് ഈ കാര്യത്തിൽ ഒരു നിയന്ത്രണം തന്നെ ഉണ്ടാക്കിയെടുക്കേണ്ടതായിട്ടുണ്ട് എന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. സി. എഫ്. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് നൽകിയ 'സി' പിരിവ് മറുപടിയിൽ റവന്യൂ വകുപ്പിലെ പൊതുവായ പരാതികളൊക്കെ പരിഹരിക്കുന്നതിനുവേണ്ടി ജില്ലാതല അദാലത്തുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്നുപറഞ്ഞത് വളരെ സന്തോഷകരമായ കാര്യമാണ്. അതിൽ ഞങ്ങൾക്കെല്ലാമുള്ള സന്തോഷം അറിയിക്കുന്നു. ഇപ്പോൾ ഏറ്റവും കൂടുതൽ പരാതി വരുന്നത് നമ്മുടെ വില്ലേജാഫീസുകളിൽ പെട്ടെന്ന് കാര്യങ്ങൾ നടക്കാൻവേണ്ടി സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ സംബന്ധിച്ചാണ്. ഇപ്പോൾ ഒരുപാട് കാലതാമസം ഇഴിവായിട്ടുണ്ട്. എന്നാൽ തന്നെയും ഈ കമ്പ്യൂട്ടറുകൾ എപ്പോഴും കേടാവുകയാണ്. റവന്യൂ വകുപ്പിന് സ്വന്തമായി മെക്കനീഷ്യൻമാരില്ലാത്തതിനാൽ മറ്റെവിടെനിന്നെങ്കിലും കമ്പ്യൂട്ടർ നന്നാക്കാൻ ആളുകൾ വരുമ്പോഴേക്കും വളരെയധികം കാലതാമസമുണ്ടാകുന്നു. അതുപോലെ തന്നെ ലാന്റ് റിക്കാർഡ്സ് മുഴുവനും ദ്രവിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് വന്ന് ഇതിന്റെ കോപ്പി എടുക്കണമെങ്കിൽ 350 രൂപ കൊടുക്കണം. അതുകൊണ്ട് വില്ലേജുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത് ലഭ്യമാക്കാനും കേടായി കിടക്കുന്ന കമ്പ്യൂട്ടറുകൾ നന്നാക്കുവാനും അങ്ങനെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, നമ്മൾ വിതരണം ചെയ്തിട്ടുള്ള കമ്പ്യൂട്ടറുകളുടെ ആനുവൽ മെയിന്റനൻസിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പല കമ്പ്യൂട്ടറുകളും കേടായി ആനുവൽ മെയിന്റനൻസ് നടത്താൻ കഴിയാതെ പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. തീർച്ചയായും അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ റിക്കാർഡ്സുകൾ സൂക്ഷിക്കുന്ന കാര്യത്തെക്കുറിച്ചും അദ്ദേഹം ചോദിക്കുകയുണ്ടായി. അവ സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ സ്വീകരിച്ചുവരികയാണ്. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അമ നൂറ്റാണ്ട് മുൻപ് ആരംഭിച്ച റീസർവ്വെ അൻപത് കൊല്ലം പിന്നിട്ടിട്ടും പകുതിപോലും എത്തിയിട്ടില്ല എന്നുള്ളത് നമുക്കാർക്കും ഭൂഷണമല്ല. അതിന് ഞാൻ ഈ സർക്കാരിനെ കുറ്റപ്പെടുത്തുകയല്ല. കാരണം അൻപത് കൊല്ലത്തിനിടയിൽ പല സർക്കാരുകളും വന്നു. ഇത്രയുംനാൾ നീണ്ടതിന് പരിഹാരമായി ഇവിടെ നിർദ്ദേശിക്കപ്പെടുന്നത് റീ സർവ്വെ ഔട്ട് സോഴ്സ് ചെയ്യണമെന്നതാണ്. കൈവശാനുഭവത്തെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും റീ സർവ്വെ നടക്കുന്നത്. ഇപ്പോൾ സർക്കാർതന്നെ നടത്തിക്കൊണ്ടിരിക്കുന്ന റീ സർവ്വെ നടപടികളിൽ പല പരാതികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അപ്പോൾ ഇത് ഔട്ട് സോഴ്സ് ചെയ്താലുണ്ടാകുന്ന അപകടം ഗവൺമെന്റ് തിരിച്ചറിഞ്ഞുകൊണ്ട് ആധുനിക സൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തി, അധിക തസ്തികകൾ സൃഷ്ടിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും കൂടുതൽ ആളുകളെ ഇതിനുവേണ്ടി നിയോഗിച്ച് സമയബന്ധിതമായ ഒരു ഊർജ്ജിതപരിപാടിക്ക് ഗവൺമെന്റ് രൂപം കൊടുക്കുമോ; അത് നടപ്പാക്കാൻ ശ്രമിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഔട്ട് സോഴ്സ് ചെയ്യുന്നതിനെക്കുറിച്ച് അങ്ങ് ഒരു ആശങ്ക പ്രകടിപ്പിച്ചു. അങ്ങനെയൊരു ആശങ്കയുടെ കാര്യമില്ല. സബ്ജക്ട് കമ്മിറ്റിയംഗങ്ങളായ ഞങ്ങളെല്ലാവരും റീ സർവ്വെ പൂർത്തീകരിച്ച വിവിധ സംസ്ഥാനങ്ങളിൽ പോകുകയുണ്ടായി. റീ സർവ്വെ പൂർത്തീകരിച്ചത് കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നി സംസ്ഥാനങ്ങളിലാണ്. ഇക്കാര്യങ്ങൾ എങ്ങനെയാണ് പൂർത്തീകരിച്ചത് എന്നത് സംബന്ധിച്ച് ഈ നാല് സംസ്ഥാനങ്ങളിലും സമിതി സന്ദർശിച്ച് പഠനം നടത്തിയപ്പോൾ മനസ്സിലായത് ഔട്ട് സോഴ്സ് ചെയ്തുകൊണ്ട് അതിന്റെ പ്രവർത്തനം അവർ സമയബന്ധിതമായി പൂർത്തീകരിച്ചു എന്നാണ്. സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടിയെന്നുപറയുന്നത്. അതുമാത്രമാണ്. ജീവനക്കാരുടെ എണ്ണം കൂടുതലുണ്ട്. 1965-ൽ റീ സർവ്വെ നടപടികൾ ആരംഭിച്ചെങ്കിലും പകുതിപോലും പൂർത്തീകരിക്കാൻ കഴിയാതെ പോയതിന് വിവിധ തരത്തിലുള്ള കാരണങ്ങളാണുള്ളത്.. ഇത് പൂർത്തീകരിക്കണം എന്ന്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മനസ്സിലുണ്ട് എങ്കിൽ തീർച്ചയായും ഇത് ഔട്ട് സോഴ്സ് ചെയ്യണം. ഇതിനകത്തുള്ള ഒരു ആശങ്ക ഇപ്പോഴുള്ള ജീവനക്കാർക്കെങ്കിലും ജോലി നഷ്ടപ്പെടുമോ എന്നുള്ളതാണ്. അങ്ങനെ ഒരാൾക്കുപോലും ജോലി നഷ്ടപ്പെടാതെതന്നെ ഇത് പൂർത്തീകരിക്കാൻ സാധിക്കും. കേരളത്തെക്കാൾ വളരെയധികം വിസ്തൃതി കൂടുതലുള്ള സംസ്ഥാനങ്ങളാണ് ഇത് പൂർത്തീകരിച്ചിട്ടുള്ളത്. ഇത് പൂർത്തീകരിക്കാൻ ഏകമാർഗ്ഗം ഇതുമാത്രമേയുള്ളൂ. അതനുസരിച്ചാണ് സമിതി ഒരു റിപ്പോർട്ടുതന്നെ ഈ സഭയിൽ ഹാജരാക്കിയിട്ടുള്ളത്.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, എം.എൽ.എ.മാരോടൊപ്പം അദ്ദേഹം നാല് സംസ്ഥാനങ്ങൾ സന്ദർശിച്ചു എന്നുപറഞ്ഞു. ലാൻഡ് സർവ്വെ ഡോക്യുമെന്റേഷൻ രംഗത്ത് ഏറ്റവുമധികം അഡ്വാൻസ് ചെയ്ത ഒരു സംസ്ഥാനം ഹരിയാനയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഹരിയാന സ്പേസ് ആപ്ലിക്കേഷൻ സെന്റർ സന്ദർശിച്ച് സർവ്വെ രംഗത്തെ സാറ്റലൈറ്റ് മാപ്പിംഗ്, ജി.പി.എസ്. സർവ്വെ തുടങ്ങിയ സാങ്കേതിക കാര്യങ്ങളൊക്കെ പഠിച്ചതായി പത്രത്തിൽ വായിച്ചു. കേരളത്തിൽ അത് എത്രമാത്രം ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഔട്ട് സോഴ്സിംഗ് നടത്തിയാൽ റീ സർവ്വെ പ്രവർത്തനം പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയും എന്നുള്ള പൂർണ്ണ വിശ്വാസത്തിൽ എത്തിച്ചേർന്നിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് അക്കാര്യങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ഈ സഭയുടെ മുൻപാകെ വച്ചിട്ടുള്ളത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, അങ്ങയുടെ കൂടെ മറ്റ് സംസ്ഥാനങ്ങൾ സന്ദർശിച്ച കമ്മിറ്റിയിൽ ഉണ്ടായിരുന്ന ഒരംഗമാണ് ഞാൻ. നമ്മൾ ഇത്രയും വർഷമായിട്ടും റീ സർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാതെ പഴയ സംവിധാനവുമായിരുന്നാൽ ഇനി എത്ര വർഷം കഴിഞ്ഞാലാണ് ഈ ഡേറ്റാ ബാങ്ക് പൂർത്തീകരിക്കാൻ കഴിയുക. അതുകൊണ്ട് നമ്മുടെ രാജ്യത്തുതന്നെയുള്ള മറ്റ് സംസ്ഥാനങ്ങൾ സ്വീകരിച്ച മാർഗ്ഗങ്ങൾ സംബന്ധിച്ച് അതിനോട് എതിർപ്പുള്ള ആളുകളുമായി സംസാരിച്ച് ഒരു സമവായത്തിലൂടെ നമുക്ക് ആ രീതി അവലംബിച്ച് ഇതൊന്ന് പൂർത്തിയാക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ബഹുമാനപ്പെട്ട അംഗം എന്നോടൊപ്പം ഈ നാല് സംസ്ഥാനങ്ങളും സന്ദർശനം നടത്തിയതാണ്. ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ മാത്രമല്ല ആ കമ്മിറ്റിയിൽ അംഗങ്ങളായ മുഴുവൻ ആളുകളുടെയും നല്ല നിർദ്ദേശങ്ങൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴുള്ള ജീവനക്കാരെക്കൊണ്ട് റീ സർവ്വെ പ്രവർത്തനം പൂർത്തീകരിക്കണമെങ്കിൽ ഇനിയും 60 വർഷം വേണ്ടിവരും. നമ്മൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ ഇത് പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ പോകും.

LIBRARY ARCHIVES Kerala Legislative Assembly

ഇത് 3 വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും. അതുസംബന്ധിച്ച് പഠനം നടത്തി അക്കാര്യത്തിൽ നമുക്കൊരു ആത്മവിശ്വാസം വന്നതുകൊണ്ടാണ് സമിതിയുടെ റിപ്പോർട്ട് സഭയുടെ മുൻപാകെ വയ്ക്കാൻ തീരുമാനം എടുത്തിട്ടുള്ളത്. തീർച്ചയായും കേരളത്തിലെ ജനങ്ങളോട് കാണിക്കാൻ കഴിയുന്ന ഏറ്റവും നല്ല ഒരു പ്രവർത്തനമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, മലയോരമേഖലയിലെ കുടിയേറ്റ കർഷകർക്ക് പട്ടയം ലഭിക്കുന്നതിന് സർവ്വേ നടപടികൾ ഒരു തടസ്സമായി നിൽക്കുന്നുവെന്നത് ഈ സഭയ്ക്ക് ബോദ്ധ്യമുള്ള കാര്യമാണ്. മാത്രമല്ല, പട്ടയം കൊടുക്കുന്നതിന് അങ്ങ് എടുക്കുന്ന താൽപ്പര്യത്തെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു. 28, 588 ഹെക്ടർ സ്ഥലത്തെ പട്ടയം കൊടുക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചെങ്കിലും പതിനായിരം ഹെക്ടറിൽ താഴെമാത്രമേ പട്ടയം കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. അവിടെ സർവ്വേ നടപടികൾ പുരോഗമിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ പദ്ധതി പ്രദേശത്തുംമറ്റും പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പട്ടയം തയ്യാറാക്കി പട്ടയ നടപടികൾ പുരോഗമിക്കുന്നുമുണ്ട്. അവിടെയും ഏറെ സ്ഥലത്ത് ഇനിയും സർവ്വേ നടപടികൾ പൂർത്തിയാക്കാനുണ്ട്. ആ മേഖലയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ഈ സഭയിൽ തീർച്ചയായും എല്ലാവരും ശ്രദ്ധിക്കുന്നുണ്ട്. ഇടുക്കിയിലെ ഭൂപ്രശ്നങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ച് പട്ടയം കൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിനുവേണ്ടി പ്രത്യേക നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. റീ സർവ്വേ സൂപ്രണ്ടിന്റെ റിപ്പോർട്ട് പ്രകാരം പദ്ധതി പ്രദേശമായതിനാൽ പട്ടയം കൊടുക്കാൻ സാധ്യമല്ലെന്ന് സ്പെഷ്യൽ തഹസീൽദാർ എല്ലാ അപേക്ഷകർക്കും കത്ത് അയച്ചുകൊടുത്തിരിക്കുന്നു. ഇത് ജനങ്ങൾക്കിടയിൽ ആശങ്കയുയർത്തിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് പട്ടയവിതരണത്തിന് വന്ന തടസ്സമാണ് ഈ അപേക്ഷയിന്മേൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഈ അനാകത പരിഹരിക്കുകയും ഇടുക്കിയിലെ പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള സർവ്വേ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും ചെയ്യുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഈ വിഷയത്തെക്കുറിച്ച് നല്ല ബോദ്ധ്യമുള്ള ആളാണ്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനു ശേഷം ഇടുക്കിയിലെ പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്ത് ഭൂമി കൈവശമുള്ള ആളുകൾക്ക് പട്ടയവും അവകാശവും നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടയവിതരണം ചെയ്യുന്നതിനുവേണ്ടി തീയതിവരെ നിശ്ചയിക്കുകയും ചെയ്ത സന്ദർഭത്തിലാണ് ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ പട്ടയം കൊടുക്കുവാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് സമരപരിപാടികൾ ആസൂത്രണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. അതിന്റെ ഭാഗമായി അന്ന് അവിടെ ഹർത്താൽ ആചരിക്കുകയും ചെയ്തു. വളരെ ബോധപൂർവ്വമായി അവർ ഹർത്താൽ ആചരിച്ചതാണോ യെന്ന് സംശയിക്കപ്പെടേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് പാവപ്പെട്ട ആളുകൾക്ക് ഭൂമിയുടെ അവകാശം നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചപ്പോൾ അതിനെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി മുന്നിൽനിന്ന് പ്രവർത്തിച്ചവരാണ് പൈറേറ്റ്സ് സംരക്ഷണ സമിതി. ആ വിഷയത്തിലേക്ക് എത്തിച്ചേരുവാൻ അവർക്ക് സാധിക്കുകയും ചെയ്തു. എന്നാൽപ്പോലും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ ഇടുക്കിയിലെ പാവപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായേ മതിയാകൂ. അവർക്ക് ഭൂമിയുടെ അവകാശം കൊടുക്കേണ്ടതായിട്ടുണ്ട്. ഭൂമിയുടെ അവകാശം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നിശ്ചയമായും ഈ ഗവൺമെന്റ് സ്വീകരിക്കുകയും പ്രസ്തുത നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇപ്പോൾ വന്ന സി.എ.ജി. റിപ്പോർട്ടിൽ ആറന്മുളയുമായി ബന്ധപ്പെട്ട് ഒരാൾക്ക് എത്ര ഭൂമിയാണ് കേരളത്തിലുള്ളതെന്ന് റവന്യൂ വകുപ്പിനോ സർവ്വേ ഡിപ്പാർട്ടുമെന്റിനോ യാതൊരു നിശ്ചയവുമി ല്ലെന്നൊരു പരാമർശമുണ്ട്. അതുകൊണ്ടുതന്നെ ഈ സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തിയാക്കേണ്ടതും റവന്യൂ ഭൂമിയും തനത് ഭൂ സാദ്ധ്യതകൾ മുഴുവൻ സംരക്ഷിക്കപ്പെടേണ്ടതും ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവടെ പറഞ്ഞത് ഇത് ഔട്ട്സോഴ്സ് ചെയ്യുമെന്നാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തുമില്ലാത്തവണ്ണം തുണ്ടുവത്കരിച്ച ഭൂമിയാണ് കേരളത്തിൽ ഓരോരുത്തരുടെയും കൈവശമുള്ളത്. മറ്റൊരു സംസ്ഥാനത്തും ഇങ്ങനെ യൊരു സ്ഥിതിയില്ല. ഇങ്ങനെ ഔട്ട്സോഴ്സ് ചെയ്യുമ്പോൾ ഏതെങ്കിലും തരത്തിലുള്ള അട്ടിമറിക്ക് സാദ്ധ്യതയുള്ളതിനാൽ ആധുനിക ടെക്നോളജി ഉപയോഗിച്ചോ സ്കിൽഡായിട്ടുള്ള ടീമിനെ ഉൾപ്പെടുത്തിയോ സർവ്വേ നടപടികൾ തെറ്റില്ലാതെ പൂർത്തീകരിക്കുന്നതിന് ഒരു സ്പെഷ്യൽ ഫോഴ്സിനെ രൂപീകരിച്ച് അതിലൂടെ കേരളത്തിന്റെ തനതു പ്രത്യേകതയും ഗവൺമെന്റ് ഭൂമിയും വ്യക്തികളുടെ ഭൂമിയും തർക്കമില്ലാതെ സംരക്ഷിക്കുവാനുള്ള ഒരു സംവിധാനത്തിന് അങ്ങ് മുൻകൈയെടുക്കുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഔട്ട്സോഴ്സ് ചെയ്യുമെന്നുപറഞ്ഞ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് യാതൊരുവിധ ആശങ്കയും വേണ്ട. അങ്ങയുടെ ആശങ്കയെന്താണെന്ന് എനിക്ക് നന്നായി മനസ്സിലാക്കാൻ കഴിയും. മാത്രമല്ല, ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ മനസ്സിലും ചില ആശങ്കകളുണ്ട്. ആ ആശങ്കകൾക്ക് യതൊരു അടിസ്ഥാനവുമില്ല. കാരണം, ജീവനക്കാരെന്നുള്ള നിലയിൽ ഒരാൾക്കുപോലും ജോലി നഷ്ടപ്പെടാതെ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. ഈ ജീവനക്കാരെ കൂടി വിശ്വാസത്തിലെടുത്തു കൊണ്ട് അവരുടെ സേവനങ്ങൾ കൂടി വിനിയോഗിച്ചുകൊണ്ട് ഇത് പൂർത്തീകരിക്കുവാനാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ മണ്ഡലത്തിലേതടക്കം പല വില്ലേജുകളിൽ റീ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും അതിന്റെ ഗുണം ജനങ്ങൾക്ക് ഇതുവരെ അനുഭവവേദ്യമായിട്ടില്ല. വില്ലേജുകളുടെ ബൈഫർക്കേഷൻ വൈകുന്നതാണോ അതിനുള്ള തടസ്സമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. അടൂർ പ്രകാശ്: സർ, റീ സർവ്വേ പൂർത്തീകരിച്ച സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ വില്ലേജുകളുടെ ബൈഫർക്കേഷനുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും തന്നെയില്ല. മറ്റെന്തെങ്കിലും തടസ്സങ്ങളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കാൻ കഴിയുന്നതാണ്.

മി. സ്പീക്കർ: ഒരുപാട് അംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഇപ്പോൾതന്നെ അരമണിക്കൂർ കഴിഞ്ഞു. റീസർവ്വേയുമായി ബന്ധപ്പെട്ട് എല്ലാവർക്കും ആശങ്കകളുണ്ട്. പക്ഷെ, എല്ലാവർക്കും ചോദ്യം ചോദിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് അടുത്ത ചോദ്യത്തിലേക്ക് കടക്കുകയാണ്

മി. സ്പീക്കർ : ചോദ്യം നമ്പർ *662

മത്സ്യബന്ധന തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ

2 (*662) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിനുള്ള സബ്സിഡി മണ്ണെണ്ണവിഹിതം വെട്ടിക്കുറച്ചത് പരിഷ്കരണത്തിന് മത്സ്യബന്ധനത്തൊഴിലാളികളെ ദുരിതത്തിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണവിഹിതം തിരിച്ചു ലഭിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) വിപണി വിലയ്ക്ക് മണ്ണെണ്ണ വാങ്ങി കടലിൽ പോയി മത്സ്യബന്ധനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി മത്സ്യബന്ധനത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യുവാനായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ സംസ്ഥാനവിഹിതം വെട്ടിക്കുറച്ചെങ്കിലും മത്സ്യബന്ധന മേഖലയ്ക്കായി ഇതിൽനിന്നും നൽകി വന്നിരുന്ന വിഹിതമായ 2525 കിലോലിറ്ററിൽ കുറവുവരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly